## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 385 — 10.06.2014-ൽ മറുപടിയ്ക്ക്

# കോഴിക്കോട് ജില്ലയിൽ വൈദ്യുതി മുടങ്ങുന്നതിനെതിരെ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) പവർ കട്ടിനും ലോഡ്ഷെഡ്ഡിംഗിനും പുറമേ കോഴിക്കോട് ജില്ലയുടെ പല ഭാഗങ്ങളിലും വൈദ്യുതി ദീർഘനേരം പല സമയങ്ങളിലായി മുന്നറിയിപ്പില്ലാതെ മുടങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) 2014 മെയ് മാസത്തിന്റെ അവസാന ദിവസങ്ങളിൽ കോഴിക്കോട് ജില്ലയുടെ ചില ഭാഗങ്ങളിൽ വൈദ്യുതിതടസ്സങ്ങൾ ഉണ്ടായിട്ടുണ്ട്. |
| (ബി) ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ; | (ബി) കോഴിക്കോട് ജില്ലയിലേക്ക് വൈദ്യുതി എത്തിക്കുന്ന മാടക്കത്തറ 400 കെ.വി സബ്സ്റ്റേഷനിൽ നിന്നുള്ള മാടക്കത്തറ–ഷൊർണ്ണൂർ 220 കെ.വി ലൈൻ, കർണ്ണാടകയിൽ നിന്നും കോഴിക്കോട് ജില്ലയിൽ വൈദ്യുതി എത്തിക്കുന്ന കടകോള–കണിയാമ്പറ്റ 220 കെ.വി ലൈൻ എന്നീ പ്രസരണ ലൈനുകളിൽ വന്ന തകരാറുകളാണ് ഈ വൈദ്യുതി പ്രതിസന്ധിക്ക് പ്രധാന കാരണമായത്. |
| (സി) തടസ്സങ്ങൾ പരിഹരിച്ച് ഗുണഭോക്താക്കൾക്ക് വൈദ്യുതി എത്തിക്കുന്നതിന് അടിയന്തിര നപടികൾ സ്വീകരിക്കുമോ ? | (സി) പ്രസരണ ലൈനുകളിൽ അടിയന്തിര അറ്റകുറ്റപ്പണികൾ നടത്തി പ്രശ്നങ്ങൾ പരിഹരിച്ച് വൈദ്യുതി വിതരണം വളരെ പെട്ടെന്നു തന്നെ പുന:സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.